**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3847** **06-08-2021 - ൽ മറുപടിയ്ക്ക്**

**മുള്ളൻപന്നി ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മുള്ളൻപന്നി ശല്യം കാരണം കൃഷിനാശം ഉൾപ്പെടെയുള്ള നാശനഷ്ടങ്ങൾ നേരിടേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മുള്ളൻപന്നി ശല്യം നിയന്ത്രിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | മുള്ളൻപന്നി ശല്യം നിയന്ത്രിക്കുന്നതിന് ഫലപ്രദമായ മാർഗ്ഗങ്ങൾ നിലവിലില്ല. |
| (സി) | ഇത്തരത്തിൽ പ്രതിസന്ധി നേരിടുന്ന കർഷകർക്ക് എന്തെല്ലാം സഹായങ്ങൾ നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | വന്യജീവി ആക്രമണം മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് 08.01.2015 ലെ സ.ഉ.(കൈ) നം.2/2015/വനം എന്ന ഉത്തരവ് പ്രകാരം വനം വകുപ്പ് നഷ്ടപരിഹാരം നൽകി വരുന്നു. ടി ഉത്തരവ് പ്രകാരം 27 ഇനം കാർഷിക വിളകൾക്കാണ് നഷ്ടപരിഹാരം നൽകുന്നത്. 05-04-2018-ലെ സ.ഉ (കൈ) നം.17/2018/വനം ഉത്തരവ് പ്രകാരം കൃഷിനാശത്തിന് കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% (പരമാവധി ഒരു ലക്ഷം രൂപ) ആണ് അനുവദിക്കുന്നത്. ഒരു വ്യക്തിക്ക് വർഷത്തിൽ നാല് തവണവരെയാണ് നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുള്ളത്. കൃഷി നാശം ഉണ്ടായി ആറ് മാസത്തിനകം അപേക്ഷകൻ നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. |
| (ഡി) | കാട്ടുപന്നി ശല്യം സംബന്ധിച്ച് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിയുടെ പശ്ചാത്തലത്തിൽ മുള്ളൻപന്നി ശല്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | കാട്ടുപന്നിശല്യം സംബന്ധിച്ച ബഹു.ഹൈക്കോടതി വിധി മുള്ളൻ പന്നികൾക്ക് ബാധകമല്ല. |

സെക്ഷൻ ഓഫീസർ